(ബി) ഗുരുതരാവസ്ഥയിലെത്തുന്ന രോഗികൾക്ക് ട്രോളിയോ, വീൽചെയറോ കിട്ടാതെ മണിക്കൂറുകളോളം കാത്തിരിക്കേണ്ട സ്ഥിതി ഉണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി) ഗുരുതരാവസ്ഥയിൽ എത്തുന്ന രോഗികൾക്ക് ടോളിയും വീൽച്ചെയറും ആവശ്യമാകുന്ന സമയത്ത് തന്നെ ലഭ്യമാക്കുന്നുണ്ട്.

(സി) ബാധകമല്ല.

താലൂക്ക് ആശുപത്രികളുടെയും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെയും ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് നടപടി

137 [138] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താലൂക്ക് ആശുപത്രികളുടേയും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടേയും ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) ഇത്തരം കേന്ദ്രങ്ങളുടെ നവീകരണത്തിനായി കേന്ദ്രസർക്കാരിന്റെയോ മറ്റു ഏതെങ്കിലും ഏജൻസികളുടെയോ ധനസഹായം ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ വിലക്ക് ഉണ്ടായിരുന്നതുകൊണ്ട് പുനഃക്രമീകരണത്തിലൂടെയും, കരാർ അടിസ്ഥാനത്തിലും ദിവസ വേതന വ്യവസ്ഥയിലും ഒഴിവുകൾ പരമാവധി നികത്താൻ ശ്രദ്ധിച്ചിട്ടുണ്ട്. ആശുപത്രികളുടെ വികസനത്തിനായി സംസ്ഥാന പദ്ധതിയിൽ 488 ലക്ഷം രൂപയും 100% കേന്ദ്രസഹായ പദ്ധതിയിൽ 306 ലക്ഷം രൂപയും 50% കേന്ദ്രസഹായ പദ്ധതിയിൽ 340 ലക്ഷം രൂപയും 2003-04 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തി. ഇതിന്റെ അടിസ്ഥാനത്തിലുള്ള വികസന പ്രവർത്തനങ്ങൾക്കായി നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) (i) പാലക്കാട് ജില്ല ഒഴികെ മറ്റ് എല്ലാ ജില്ലകളിലും ആർ. സി. എച്ച്. പദ്ധതിക്കായി ജില്ലയ്ക്ക് 10 ലക്ഷം രൂപ പ്രകാരം നവീകരണ പ്രവർത്തനത്തിനുവേണ്ടി വിനിയോഗിച്ചിട്ടുണ്ട്.

(ii) യൂറോപ്യൻ കമ്മീഷന്റെ ധനസഹായത്താൽ കൊല്ലം ജില്ലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കരുനാഗപ്പള്ളി, പുനലൂർ, കൊട്ടാരക്കര എന്നീ താലൂക്ക് ആശുപത്രികൾ എന്നിവ നവീകരിക്കുന്നതിനുള്ള പണികൾ പുരോഗമിച്ചുവരുന്നു.

(iii) നബാർഡിന്റെ സഹായത്തോടെ ഗ്രാമീണാരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിനായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. അതനുസരിച്ച് 2002-03 വർഷത്തിൽ 49 കോടി രൂപയുടെയും 2003-04 വർഷത്തിൽ 69.84 കോടി രൂപയുടെയും പ്രോജക്ട് പ്രൊപ്പോസലുകൾ നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ സ്റ്റാഫ് പാറ്റേൺ

138 [139] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ സ്റ്റാഫ് പാറ്റേൺ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) മേപ്പയൂർ നിയോജകമണ്ഡലത്തിലെ തിരുവള്ളൂർ സി. എച്ച്. സി.-ൽ ഇതനുസരിച്ച് എന്തെല്ലാം സൗകര്യങ്ങളാണ് ഇനിയും ഉണ്ടാകേണ്ടതെന്ന് വ്യക്തമാക്കാമോ;

(സി) ഇവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) തിരുവള്ളൂർ സി. എച്ച്. സി.-ൽ രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly